പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 233 — 10.12.2012 ൽ മറുപടിക്ക്

## പൊതുജനങ്ങൾക്ക് പോലീസിൽ വിവരം അറിയിക്കാൻ സൗകര്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, ലൂഡി ലൂയിസ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) പോലീസിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ട എല്ലാ വിവരവും അറിയിക്കുവാൻ പൊതുജനങ്ങൾക്ക് സൗകര്യമൊരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) ഏതെല്ലാം സാഹചര്യങ്ങളിലാണ് ഈ സൗകര്യം പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ)യും (ബി)യും സൗകര്യം ഒരുക്കിയിട്ടുണ്ട്. എസ്.എം.എസ്., ഇ-മെയിൽ, പോലീസ് സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്ക്കുകൾ, ടോൾ ഫ്രീ നമ്പർ എന്നീ സംവിധാനങ്ങൾ വഴിയും പോലീസിന് നേരിട്ടും തിരുവനന്തപുരത്തെയും കൊച്ചിയിലെയും ജനസേവന കേന്ദ്രങ്ങൾ വഴിയും വിവരങ്ങൾ അറിയിക്കുന്നതിനുള്ള സൗകര്യങ്ങൾ നിലവിലുണ്ട്. പൊതുജനങ്ങളുടെ സൗകര്യാർത്ഥം ഏത് മാർഗ്ഗങ്ങളിൽ കൂടിയും പോലീസിന്റെ ശ്രദ്ധയിൽകൊണ്ടുവരേണ്ട വിവരങ്ങൾ അറിയിക്കാവുന്നതാണ്. |
| (സി) ഇങ്ങനെ ലഭിക്കുന്ന പരാതികൾ പരിഹരിക്കുവാൻ എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്; | (സി) പരാതിയിന്മേലുള്ള കൂടുതൽ അന്വേഷണത്തിനും നടപടികൾക്കുമായി അതാത് പോലീസ് സ്റ്റേഷനുകളിലോ ഓഫീസർമാർക്കോ അയച്ചുകൊടുക്കുകയും സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ഡി) ഈ സൗകര്യങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുമോ? | (ഡി) കൂടുതൽ ബോധവൽക്കരണത്തിനായുള്ള ശ്രമങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ